കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം തിരുവനന്തപുരം നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സുഖിലാ ജിജിയുടെ മാതാവിന്റെ ചികിത്സാചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.1569/2016/തസ്വഭവ. തീയതി,തിരുവനന്തപുരം, 30/04/2016.

---

പരാമർശം :
1. ശ്രീമതി.സുഖിലാ ജിജിയുടെ 28/01/2015 ലെ അപേക്ഷ.
2. നഗരകാര്യഡയറക്ടറുടെ 05/01/2016 തീയതിയിലെ ഡി.സി.1/22475/15 നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സുഖിലാ ജിജിയുടെ മാതാവിന് ക്യാൻസർ സംബന്ധമായ അസുഖത്തിന് കിംസ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ 15935/- രൂപ റീ ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് മേൽ 2-ാ മതായി വായിച്ച കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സുഖിലാ ജിജിയുടെ മാതാവിന് ക്യാൻസർ സംബന്ധമായ അസുഖത്തിന് കിംസ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക്ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ 15935/- രൂപയുടെ 80% പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത,അർഹത,കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിലും ടി തുക തിരുവനന്തപുരം നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും കേരള ഗവൺമെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റന്റൻസ് റൂൾസ് 1960 പ്രകാരം റീ ഇംബേഴ്സ് ചെയ്യുന്നതിന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ബിനുകുമാർ.വി,,

അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.(മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
സെക്രട്ടറി,തിരുവനന്തപുരം നഗരസഭ.
ശ്രീമതി.സുഖിലാ ജിജി, സീനിയർ ക്ലാർക്ക് , തിരുവനന്തപുരം നഗരസഭ.
(സെക്രട്ടറി, തിരുവനന്തപുരം നഗരസഭാമുഖേന )
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.